# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം : 1778 — 04-10-2011-ൽ മറുപടിക്ക്

## വൈദ്യുതി ബോർഡിലെ ജീവനക്കാരുടെയും ഓഫീസർമാരുടെയും സ്ഥലംമാറ്റം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)<br>" കെ.കെ. നാരായണൻ<br>" കെ. കുഞ്ഞമ്മത് മാസ്റ്റർ<br>" ബി. സത്യൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) വൈദ്യുതി ബോർഡിലെ ജീവനക്കാരുടെയും ഓഫീസർമാരുടെയും സ്ഥലംമാറ്റത്തിന് അംഗീകൃത മാനദണ്ഡങ്ങൾ നിലവിലുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഇത്തവണത്തെ പൊതുസ്ഥലംമാറ്റത്തിൽ വ്യാപകമായി മാനദണ്ഡലംഘനങ്ങൾ നടന്നുവെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) സ്ഥലംമാറ്റ ഉത്തരവുകൾ മാനദണ്ഡത്തിനനുസരിച്ചും സുതാര്യമായും നടപ്പാക്കുമെന്ന വാഗ്ദാനം പാലിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ? | (സി) സ്റ്റേഷൻ സീനിയോറിറ്റി വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തി. സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ പരിഗണിക്കുമ്പോൾ സീനിയോറിറ്റി അനുസരിച്ചും, പൊതു മാനദണ്ഡ പ്രകാരവും, വിവിധ ട്രേഡ് യൂണിയനുകളും അസോസിയേഷനുകളുമായി ചർച്ച ചെയ്തുമാണ് നടപ്പിലാക്കുന്നത്. ഉന്നയിക്കപ്പെട്ട ന്യൂനതകൾ പരിഹരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ